"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ മരണമടഞ്ഞ സി.രാജൻപിള്ളയുടെ മകൾ ശ്രീമതി. ശ്രീലക്ഷ്മി .ആർ-ന് ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(കൈ) നം.123/2023/LSGD തീയതി,തിരുവനന്തപുരം, 08-06-2023

---

പരാമർശം:-

1. ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി. 24.05.1999.
2. ജി.ഒ. (പി) നം. 14/10/പി & എ ആർ.ഡി തീയതി, 12/04/2010.
3. 21.02.2018-ലെ സ.ഉ(കൈ) നം.5/2018/ഉ.ഭ. പ. വ.
4. ശ്രീമതി..ശ്രീലക്ഷ്മി ആർ ന്റെ 30.10.2021- ലെ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 13.04.2022 -ലെ PAN/4229/2022-E14(DP) നമ്പർ കത്ത്.
6. കൊല്ലം ജില്ലാ കളക്ടറുടെ 04.04.2023-ലെ DCKLM/10651/2022-S4 നം.കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 26.03.2021-ൽ മരണമടഞ്ഞ ശ്രീ. സി.രാജൻപിള്ളയുടെ മകൾ ശ്രീമതി. ശ്രീലക്ഷ്മി. ആർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (4) അപേക്ഷ . ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രസ്തുത ശുപാർശയിന്മേൽ പരാമർശം(6) പ്രകാരം കൊല്ലം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 26.03.2021 ൽ മരണമടഞ്ഞ ശ്രീ. സി.രാജൻപിള്ളയ്ക്ക് 14 വർഷം 07 മാസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാളുടെ മകളും ആശ്രിതയുമായ അപേക്ഷകയായ ശ്രീമതി. ശ്രീലക്ഷ്മി. ആർ-ന് 34 വയസ്സുണ്ടെന്നും (ജനനതീയതി 11.11.1988), ടിയാൾ എസ്.എസ്.എൽ.സി . എച്ച്.എസ്.ഇ, മധുര കാമരാജ് യൂണിവേഴ്സിറ്റിയുടെ ബി.എ ഹിസ്റ്ററി എന്നീ പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും, 05.02.2013-ലെ സഉ(പി)നം 3/2013/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ടിയാളുടെ കുടുംബ വാർഷിക വരുമാനം 1,35,000/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും. ടിയാളുടെ

മറ്റ് ആശ്രിതരെല്ലം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീമതി. ശ്രീലക്ഷ്മി. ആർ-ന് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ശ്രീമതി ശ്രീലക്ഷ്മി. ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടേയും, കൊല്ലം ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, കൊല്ലം ജില്ലയിലെ ചവറ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 26.03.2021-ൽ മരണമടഞ്ഞ ശ്രീ. സി.രാജൻപിള്ളയുടെ മകൾ ശ്രീമതി. ശ്രീലക്ഷ്മി. ആർ -ന് (കൈപ്പള്ളി, മുള്ളിക്കാല പി.ഒ, തേവലക്കര, കൊല്ലം-690 524.) പരാമർശം (1),(2),(3) -ലെയും നിലവിലുള്ള മറ്റ് സർക്കാർ ഉത്തരവുകളിലേയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ചുവടെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള കൊല്ലം ജില്ലയിൽതന്നെ കഴിവതും നിയമനം നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാത്തീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദു ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

ശ്രീമതി. ശ്രീലക്ഷ്മി ആർ (കൈപ്പള്ളി, മുള്ളിക്കാല പി.ഒ, തേവലക്കര, കൊല്ലം-690524.)(തപാൽ

മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, കൊല്ലം.

സെക്രട്ടറി, ചവറ ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിഎ3/124/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 08-06-2023 16:08:55